**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2275** **05.02.2018-ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് സെന്ററുകൾ**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ധനകാര്യ വകുപ്പ് മുൻകൈ എടുത്ത് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ മാന്ദ്യവിരുദ്ധ (KIIFB) പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ 44 ആശുപത്രികളിൽ ഡയാലിസിസ് ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം പൂർത്തിയാക്കിവരുന്നുണ്ട്. പ്രസ്തുത ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങളുടെ മരാമത്ത് ജോലികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി മുഖാന്തിരം പൂർത്തിയാക്കി, ആവശ്യമായ ഉപകരണങ്ങൾ കോർപ്പറേഷൻ വിതരണം ചെയ്ത് ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാനാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ടി പദ്ധതി പ്രകാരമുള്ള ഡയാലിസിസ് കേന്ദ്രങ്ങൾ ആറ് ആശുപത്രികളിൽ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. 13 ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾ ഉദ്ഘാടനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ 2018 മാർച്ച് മാസത്തോടെ 10 ആശുപത്രികളിൽക്കൂടി ഡയാലിസിസ് കേന്ദ്രങ്ങൾ ഉദ്ഘാടനത്തിനായി സജ്ജമാകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇതുവരെ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എന്തുകൊണ്ടാണ് പ്രസ്തുത ആശുപത്രിയിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കാത്തത്; ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | റാന്നി താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതി പ്രകാരമുള്ള ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള കെട്ടിടത്തിന്റെ പണി പൊതുമരാമത്ത് വകുപ്പ് വഴി പൂർത്തിയാക്കി ആശുപത്രിക്ക് കൈമാറി കിട്ടിയ ശേഷമാണ് ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള മരാമത്ത് പണിയുടെ എസ്റ്റിമേറ്റ് കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി തയ്യാറാക്കിയത്. പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്ക് ഓർഡർ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റിക്ക് (KHRWS) കോർപ്പറേഷൻ 10.10.2017 ൽ നൽകിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തോടെ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ